**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഇടമലക്കുടിയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. രാജ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദ്യ ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ആദ്യ ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി പ്രധാനപ്പെട്ട രണ്ട് റോഡുകളുടെ നിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.<br><br>പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള 7.7 കിലോമീറ്ററിൽ 4.7 കി.മി റോഡ് പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭാഗത്തിന്റെ ജോലികൾ നടന്നു വരുന്നു. പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള റോഡ് പൂർത്തീകരിച്ചാൽ മാത്രമെ ഇഡലിപ്പാറ-സൊസൈറ്റിക്കുടി റോഡിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളു. |
| (ബി) | ഇടമലക്കുടിയിൽ നടന്നുവരുന്ന റോഡ് പണിയുടെ പുരോഗതി വ്യക്തമാക്കാമോ; റോഡ് പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള 7.7 കിലോമീറ്ററിൽ, 4.7 കി.മി റോഡ് പണി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തിയുടെ ആദ്യ ഘട്ടമായി റോഡ് ലെവലിംഗ് നടന്നു വരുന്നു. പെട്ടിമുടി-ഇഡലിപ്പാറ റോഡിന് 13.7 കോടി രൂപ ഭരണാനുമതി നൽകിയതിൽ 12.43 കോടി രൂപ പി.ഡബ്ല്യൂ.ഡിക്ക് കൈമാറിയിട്ടുണ്ട്. പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള റോഡ് പൂർത്തീകരിച്ചാൽ മാത്രമെ ഇഡലിപ്പാറ-സൊസൈറ്റിക്കുടി റോഡിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളു. പ്രസ്തുത റോഡ് നിർമ്മാണത്തിനായി 4.75 കോടി രൂപ പി.ഡബ്ല്യൂ.ഡിക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | ഇടമലക്കുടിയിലെ ജനങ്ങളുടെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | ഇടമലക്കുടിയിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും, ആയുർവേദ ഡിസ്പെൻസറിയും, ഹോമിയോ ഡിസ്പെൻസറിയും, 10 അംഗൻവാടികളും, ഗവ ട്രൈബൽ യു.പി സ്കൂളും, മോഡൽ പ്രീ പ്രൈമറി സ്കൂളും രണ്ട് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ